# CAREER Updates
# പത്രവൃത്താന്തം

06.08.2024 (ചൊവ്വ)



➩ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അധ്യാപക നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത ബിരുദമാക്കി ഉയർത്തണമെന്ന് ശിപാർശ ചെയ്ത കമ്മിറ്റി

✔ ഖാദർ കമ്മിറ്റി

- അധ്യാപക നിയമനത്തിനായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്നതും ഖാദർ കമ്മിറ്റിയുടെ ശിപാർശയാണ്. പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനെ കുറിച്ച് പഠിക്കാൻ ഡോ. എം.എ. ഖാദർ ചെയർമാൻ ആയി നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയാണ് ഖാദർ കമ്മിറ്റി.
- കേരളത്തിലെ എല്ലാ ഹൈസ്കൂളുകളും ഹയർ സെക്കന്ററി തലത്തിലേക്ക് ഉയർത്തണമെന്നും ഖാദർ കമ്മിറ്റി ശിപാർശ ചെയ്തു. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഒരു ഡിവിഷനിൽ ഉൾപ്പെടുത്താവുന്ന വിദ്യാർത്ഥികളുടെ എണ്ണം 25 മുതൽ 35 വരെയായി കുറയ്ക്കണമെന്നും സ്കൂളുകളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്തണമെന്നും റിപ്പോർട്ടിൽ പറയുന്നു.

➩ 2024 ആഗസ്റ്റിൽ കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷന്റെ ചെയർപേഴ്സൺ ആയി നിയമിതനായത്

✔ ജസ്റ്റിസ് ബി. സുധീന്ദ്ര കുമാർ

➩ 2024-ൽ അന്തരിച്ച, നൊബേൽ സമ്മാന ജേതാവായ ചൈനീസ്-യു.എസ്. ഭൗതികശാസ്ത്രജ്ഞൻ

✔ സങ് ദാവോ ലീ

- നൊബേൽ സമ്മാനം ലഭിച്ച പ്രായം കുറഞ്ഞ രണ്ടാമത്തെ ശാസ്ത്രജ്ഞനാണ് സങ് ദാവോ ലീ. 1957-ൽ തന്റെ 30-ാം വയസ്സിലാണ് ഇദ്ദേഹം നൊബേൽ സമ്മാനം നേടിയത്.

➩ 2024-ലെ പാരീസ് ഒളിമ്പിക്സിൽ പുരുഷ ഹോക്കി സെമി ഫൈനലിൽ ഇന്ത്യയുടെ എതിരാളികൾ

✔ ജർമ്മനി

➩ ഒളിമ്പിക്സിൽ പുരുഷ വിഭാഗം 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ താരം

✔ അവിനാശ് സാബ്‌ലെ

➩ ഓണം വിപണി കണക്കാക്കി പൂവ്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന കുടുംബശ്രീ പദ്ധതികൾ

✔ നിറപൊലിമ 2024, ഓണക്കനി 2024

➩ 2024-ലെ ട്രാവൽ ആന്റ് ടൂറിസം ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം

✔ 39

➩ 2024 ആഗസ്റ്റിൽ അന്തരിച്ച, ഇന്ത്യൻ ചിത്രകലാരംഗത്ത് പ്രശസ്തയായ വനിത

✔ സാറാ എബ്രഹാം

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999